വേപ്പിൻസത്തടങ്ങിയ ജൈവകീടനാശിനി 4 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. ഇങ്ങനെ ചെയ്താൽ വണ്ട് മുട്ടയിടുന്നത് തടയുവാൻ സഹായിക്കും. പിണ്ടിപ്പുഴുവിന്റെ ആക്രമണം രൂക്ഷമാണെങ്കിൽ ക്ലോർപൈറിഫോസ് എന്ന കീടനാശിനി 2.5 മി.ലി 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഇലക്കവിളിൽ ഒഴിച്ചുകൊടുക്കുക. മഴക്കാലത്ത് വാഴയിൽ കാണുന്ന ഇലപ്പുള്ളിരോഗത്തെ നിയന്ത്രിക്കാനായി 20ഗ്രാം സ്യൂഡോമോണാസ് 1 ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. രണ്ടാഴ്ചയ്ക്ക് ശേഷവും രോഗത്തിന് കുറവില്ലെങ്കിൽ 2 മി.ലി ഹെക്സാകൊണാസോൾ 1 ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ 1 മി.ലി പ്രോപികൊണാസോൾ 1 ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്കവിധം കുളിർക്കെ തളിക്കുക.

തുടർച്ചയായ മഴമൂലം കുരുമുളകിൽ ദ്രുതവാട്ടരോഗം കാണാൻ ഇടയുണ്ട്. 2 കിലോ ട്രൈക്കോഡർമ്മ 90 കിലോ ചാണകപ്പൊടിയും 10 കിലോ വേപ്പിൻ പിണ്ണാക്കുമായി കൂട്ടിക്കലർത്തി ആവശ്യത്തിന് ഈർപ്പം നിലനിൽക്കത്തക്കവണ്ണം രണ്ടാഴ്ച്ചത്തേക്ക് വയ്ക്കുക. ഈ മിശ്രിതത്തിൽ നിന്ന് 2.5 കിലോ വീതം ഓരോ കുരുമുളക് ചെടിക്ക് ചുവട്ടിലും ഇട്ട് കൊടുക്കുക. രോഗം കൂടുന്ന പക്ഷം 1% വീര്യമുള്ള ബോർഡോ മിശ്രിതം തളിക്കുകയോ അല്ലെങ്കിൽ 2.5 ഗ്രാം കോപ്പർ ഓക്സീക്ലോറൈഡ് 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ മണ്ണ് കുതിരത്തക്ക വണ്ണം ഈ ലായനി ഒഴിച്ച് കൊടുക്കുകയും ചെടിയിൽ തളിച്ച് കൊടുക്കുകയും ചെയ്യുക.

***അറിയിപ്പ്***

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള സെൻട്രൽ ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മട്ടുപ്പാവ് കൃഷി എന്ന വിഷയത്തില്ഡ നാലു ദിവസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 2022 സെപ്റ്റംബർ 14 മുതൽ 17 വരെ തൃശ്ശൂർ വെള്ളാനിക്കരയിൽ സ്ഥിതി ചെയ്യുന്ന കർഷകഭവനത്തിലാണ് പരിശീലനം നടക്കുന്നത്. മട്ടുപ്പാവ് കൃഷി രീതികൾ, ലംബകൃഷി, മട്ടുപ്പാവ് ലാന്റ് സ്കേപ്പിംഗ്, ഹൈഡ്രോപോണിക്സ്, മട്ടുപ്പാവിലെ പൂന്തോട്ട പരിപാലനം എന്നിങ്ങനെ വ്യത്യസ്ത വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കുന്നു. പരിശീലന ഫീസ് 2000/- രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുക. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേരള കാർഷിക സർവ്വകലാശാലയുടെ സർട്ടിഫിക്കറ്റ് നൽകുന്നു. രജിസ്റ്റർ ചെയ്യാൻ താല്പര്യമുള്ളവർ 0487-2371104 എന്ന നമ്പറിൽ ബന്ധപ്പെടുക.
- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : ***0487-2370773***

ഒപ്പ്/-
***പ്രൊഫസർ & ഹെഡ്***
***കമ്മ്യൂണിക്കേഷൻ സെന്റർ***